# കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ

നമ്പർ. **KSHEC-A5/UG.Renewal-2023-24/406/2024** തീയതി.10/04/2025

## വിജ്ഞാപനം

രണ്ടാം വർഷ ബിരുദ പഠനം (2023-24 ബിരുദ അഡ്മിഷൻ - First Renewal) - ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പുതുക്കൽ

2023-24 അക്കാദമിക വർഷം ഒന്നാം വർഷ ബിരുദ പഠനത്തിന് സ്കോളർഷിപ്പ് ലഭിച്ചവരും 2024-25 അക്കാദമിക വർഷം രണ്ടാം വർഷ ബിരുദ പഠനം നടത്തുന്നവരുമായ വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് പുതുക്കി ലഭിക്കാൻ ഇപ്പോൾ അപേക്ഷകൾ സമർപ്പിക്കാം.

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ വെബ്സൈറ്റ് ആയ scholarship.kshec.kerala.gov.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് **10-04-2025** മുതൽ ഓൺലൈനായാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

**മിനിമം യോഗ്യതാ മാനദണ്ഡം**

ഒന്നാം സെമസ്റ്റർ ബിരുദ പരീക്ഷയ്ക്ക് ലഭിച്ച ഗ്രേഡ് അടിസ്ഥാനമാക്കി.

| | | |
|---|---|---|
| ജനറൽ വിഭാഗം | : | B |
| ഒ.ബി.സി, ബി.പി.എൽ, എസ്.സി/ എസ്.ടി, ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിഭാഗങ്ങൾ | : | C |

**സ്കോളർഷിപ്പ് തുക - 18,000/-**

40% ത്തിനു മുകളിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് തുകയുടെ 25% അധികമായി നൽകുന്നു.

**ബന്ധപ്പെട്ട മറ്റുവിവരങ്ങൾ**

1. അപേക്ഷകർക്ക് ഏതെങ്കിലും നാഷണലൈസ്ഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം.
2. മറ്റേതെങ്കിലും സ്കോളർഷിപ്പുകളോ സ്റ്റൈപ്പന്റുകളോ കൈപ്പറ്റുന്ന വിദ്യാർത്ഥികൾ ഈ സ്കോളർഷിപ്പിന് അർഹരല്ല. (ഹിന്ദി സ്കോളർഷിപ്പ്, പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു ലഭിക്കുന്ന ലംപ്സംഗ്രാന്റ് എന്നിവയെ ഈ നിബന്ധനയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.)

**അപേക്ഷിക്കേണ്ട രീതി**

1. വിദ്യാർത്ഥികൾക്ക് അപേക്ഷകൾ ഓൺലൈനായി **10-04-2025** മുതൽ **30-04-2025** വരെ സമർപ്പിക്കാവുന്നതാണ്. ഇതിനായി scholarship.kshec.kerala.gov.in എന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക.
2. Register/Login ക്ലിക്ക് ചെയ്ത് Student Registration പൂർത്തിയാക്കുക.
3. Student Registration പൂർത്തിയാക്കിയതിന് ശേഷം Student Login ൽ Registered Email Id and Password നൽകി Profile page പൂർത്തിയാക്കുക.
4. അപേക്ഷകർ site ൽ കൊടുത്തിട്ടുള്ള User manual പ്രകാരം അപേക്ഷ പൂർത്തിയാക്കുക.

**കൗൺസിലിൽ സമർപ്പിക്കേണ്ട രേഖകൾ**

1. അപേക്ഷാ ഫോം പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതാണ്.
2. വിദ്യാർത്ഥിയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് പാസ്സ് ബുക്കിന്റെ ഒന്നാം പേജിന്റെ പ്രിൻസിപ്പാൾ / ഗസറ്റഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ പകർപ്പ്. (വിദ്യാർത്ഥിയുടെ പേര്, ബാങ്കിലെ അക്കൗണ്ട് നമ്പർ, IFSC കോഡ്, വിലാസം എന്നിവ വ്യക്തമായിരിക്കണം, നോർമൽ അക്കൗണ്ട് ആയിരിക്കണം.)
3. വിദ്യാർത്ഥിയുടെ ഒന്നാം സെമസ്റ്റർ മാർക്ക് ലിസ്റ്റിന്റെ പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ പകർപ്പ്.

**അവസാന തീയതി**

1. ഓൺലൈനായി വിദ്യാർത്ഥികൾ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **30-04-2025.**
2. അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും സ്ഥാപന മേധാവിക്ക് സമർപ്പിക്കേണ്ട അവസാന തീയതി **05-05-2025.**
3. നോഡൽ ഓഫീസർ/സ്ഥാപന മേധാവി ഓൺലൈനായി Verification ഉം Approval ഉം പൂർത്തിയാക്കേണ്ട അവസാന തീയതി **15-05-2025.**
4. **പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ കൗൺസിൽ ഓഫീസിൽ ലഭിക്കുന്നതിനുള്ള അവസാന തീയതി 25-05-2025.**

**അപേക്ഷയിൽ നൽകിയിരിക്കുന്ന വിവരങ്ങൾ ശരിയും പൂർണവും ആണെന്ന് അപേക്ഷകർ ഉറപ്പുവരുത്തേണ്ടതാണ്. പ്രസ്തുത വിവരങ്ങൾ അവ പരിശോധിക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥരും സ്ഥാപനമേധാവികളും വീണ്ടും പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതാണ്. തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള അപേക്ഷകൾ മറ്റൊരറിയിപ്പും കൂടാതെ നിരസിക്കുന്നതായിരിക്കും.**

**Sd/-**

**മെമ്പർ സെക്രട്ടറി**